I/5930469/2023

"ഭരണഭാഷ- മാതൃഭാഷ"

വിവര പൊതുജന സമ്പർക്ക (ഇ) വകുപ്പ്
വിവര പൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടറുടെ നടപടിക്രമം
(ഹാജർ:സുഭാഷ് ടി വി ഐ.എ.എസ്)

നമ്പർ.ഇ1/117/2023/ഐ&പി.ആർ.ഡി. തിരുവനന്തപുരം (31-10-2023)

വിഷയം:- വിവര പൊതുജന സമ്പർക്ക വകുപ്പ്- "കേരളീയം 2023"- മീഡിയ പബ്ലിസിറ്റിയുടെ ഭാഗമായി ടൂറിസം കേന്ദ്രങ്ങളിൽ സെൽഫി ചലഞ്ച് വിത്ത് ക്യൂ ആർ കോഡ് പ്രചാരണം- ക്യൂ ആർ കോഡ് തയ്യാറാക്കുന്നതിന് സി-ഡിറ്റിനെ ചുമതലപ്പെടുത്തി- ഉത്തരവാകുന്നു.

സൂചന:- 1. 13.10.2023-ലെ സ.ഉ.(കൈ) നം.153/2023/ധന
2. 16.10.2023-ലെ സി1/185/2023/ഐ&പി.ആർ. നമ്പർ നടപടി തീർപ്പ്
3.16.10.2023-ലെ ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ)-യുടെ കുറിപ്പ്

## ഉത്തരവ്

"കേരളീയം 2023" ന്റെ ഭാഗമായി സാമ്പത്തിക അനുമതി നൽകിയും വിവിധ കമ്മിറ്റികളുടെ ബജറ്റ് അംഗീകരിച്ചും ധനവിനിയോഗ മാർഗനിർദ്ദേശങ്ങൾ വ്യക്തമാക്കിയും സൂചന (1) പ്രകാരം ഉത്തരവായിട്ടുണ്ട്. "കേരളീയം 2023" ന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട ഔട്ട് ഓഫ് ബോക്സ് ക്യാമ്പയിന്റെ ഭാഗമായി സെൽഫി ചലഞ്ച് വിത്ത് ക്യൂ ആർ കോഡ് എന്ന ഇനത്തിനായി 3,00,000/- രൂപ വിനിയോഗിക്കുന്നതിനു സൂചന (2) പ്രകാരം അനുമതി നൽകി ഉത്തരവായിട്ടുണ്ട് .

3. വിവര പൊതുജന സമ്പർക്ക വകുപ്പിന്റെ ആഭിമുഖ്യത്തിൽ കേരളീയം മീഡിയ പബ്ലിസിറ്റിയുടെ ഭാഗമായി ടൂറിസം കേന്ദ്രങ്ങളിൽ 'സെൽഫി ചലഞ്ച് വിത്ത് ക്യൂ ആർ കോഡ്" എന്ന പ്രചാരണം നടത്താൻ തീരുമാനിച്ചിട്ടുള്ളതായും സൂചന (1) ഉത്തരവ് പ്രകാരം ടി പ്രവൃത്തിക്കായി 3,00,000/- രൂപ (മൂന്ന് ലക്ഷം രൂപ മാത്രം) വിനിയോഗിക്കുന്നതിനു അനുമതി ലഭിച്ചിട്ടുള്ളതായും ക്യൂ ആർ. കോഡ് തയാറാക്കാൻ സി-ഡിറ്റിനെ ചുമതലപ്പെടുത്താവുന്നതാണെന്നും ടൂറിസം കേന്ദ്രങ്ങളിൽ ഇത് സ്ഥാപിക്കുന്നതിന് ടൂറിസം വകുപ്പിന്റെ സഹകരണം തേടാവുന്നതാണെന്നും സൂചന (3) പ്രകാരം ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ) അറിയിച്ചിട്ടുണ്ട് .

4. ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെയടിസ്ഥാനത്തിൽ "കേരളീയം 2023" ന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട ഔട്ട് ഓഫ് ബോക്സ് ക്യാമ്പയിന്റെ ഭാഗമായി 'സെൽഫി ചലഞ്ച് വിത്ത് ക്യൂആർ. കോഡ്" എന്ന പ്രചാരണത്തിന്റെ 'ക്യൂ ആർ. കോഡ്' ജി.എസ്.ടി. ഉൾപ്പെടെ പരമാവധി 3,00,000/- രൂപയ്ക്കുള്ളിൽ (മൂന്ന് ലക്ഷം രൂപ മാത്രം) നിന്നുകൊണ്ട് തയ്യാറാക്കുന്നതിന് സി-ഡിറ്റിനെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

ബില്ലുകൾ/ഇൻവോയ്സുകൾ സമർപ്പിക്കുന്ന മുറയ്ക്ക് ടെക്നിക്കൽ കം കോസ്റ്റ് കമ്മിറ്റിയുടെ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ അന്തിമ തുക അനുവദിക്കുന്നതാണ്.

സുഭാഷ് ടി വി ഐ.എ.എസ്
ഡയറക്ടർ

രജിസ്ട്രാർ, സി-ഡിറ്റ്, ചിത്രാഞ്ജലി ഹിൽസ്, തിരുവല്ലം പി.ഒ, തിരുവനന്തപുരം, പിൻ- 695 027.
അഡീഷണൽ ഡയറക്ടർ (ഇ.എം.ഡി.)/ജി&എ)
ഡെപ്യൂട്ടി ഡയറക്ടർ (എം.ആർ)
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ)/പ്ലാനിംഗ്)
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.